Sivapriya.P.R
NSSEMHS DHANUVACHAPURAM

രോഗപ്രതിരോധം IX

ഇന്ന് ഈ ലോകത്തിൽ പിടിപ്പെട്ടുകൊിരിക്കുന്ന Covid -19 എന്ന മഹാമാരിയെ പ്രതിരോധിക്കാനും അതിജീവിക്കാനുള്ള ലോകത്തിന്റെ ഇച്ഛാശക്തിയാണ് ഇവിടെ പ്രകടമാകുന്നത്.

മഹാമാരിയുമായുള്ള മനുഷ്യന്റെ ഏറ്റുമുട്ടലുകൾക്ക് മാനവരാശിയോളം പഴക്കമു്. രോഗമുാക്കുന്നത് അഭൗമശക്തികളാണെന്നു കരുതി ആദിമ മനുഷ്യർ. അവർ പ്രകൃതിയെയും പ്രകൃത്യാതീതശക്തികളെയും ആരാധിച്ചു. എല്ലാം വിധിക്ക് വിട്ടുകൊടുത്ത ആ ചരിത്രം തിരുത്തുന്നത് 19-ാം നൂറ്റാിന്റെ രാം പകുതിയിലാണ്. എല്ലാത്തിനും കാരണവും നാം മനുഷ്യൻ തന്നെയാണ് . നമ്മുടെ ശുചിത്വമില്ലായ്മ, മലിനീകരണം എന്നിവ തന്നെയാണ് നമ്മെ ദുരിതത്തിലാഴ്ത്തുന്നത്. പകർച്ചവ്യാധികൾ പടരുന്നത് രോഗാണുക്കളിലൂടെയാണെന്ന് ആദ്യമായി വിശദീകരിച്ചത് ഫ്രഞ്ച് ബയോളജിസ്റ്റ് ലൂയിപാസ്റ്റർ ആണ്. ആന്ത്രാക്സ് നു കാരണം ബാക്ടീരിയാണെന്ന് തെളിയിച്ച റോബർട്ട് കോക്ക് രോഗാണു സിദ്ധാന്തത്തിന്റെ ആധികാരികത തെളിയിച്ചു.

ഏതു മഹാമാരിയെയും അതിജീവിക്കാനുള്ള കരുത്ത് വൈദ്യശാസ്ത്രത്തിനുന്നെ ധാരണയെ അട്ടിമറിച്ചു കൊാണ് 2019 ഡിസംബർ ഒന്നിനു ചൈനയിലെ വുഹാനിൽ നിന്ന് ഒരു വൈറസ് യാത്ര തുടങ്ങിയത്. ഏഷ്യയിലും യൂറോപ്പിലും അമേരിക്കയിലും സാധാരണജീവിതം നിശ്ചലമാക്കി കോവിഡ് - 19 പരത്തുന്നു. കൊറോണ (SARS COV2) എന്നു പേരുള്ള ആ സൂക്ഷ്മ ജീവി വാസ്തവത്തിൽ കൊറോണ പുതിയ വൈറസ് അല്ല നാൽപ്പത് കൊല്ലമായി ഇതിനെക്കുറിച്ച് പഠിച്ചുവരുന്നു്. ആദ്യകാലത്ത് വൈദ്യശാസ്ത്ര മേഖല ഇതിനെ അത്ര ശ്രദ്ധിച്ചിരുന്നില്ല. കൊറോണ വൈറസ് കുടുംബത്തിൽ ആൽഫ, ബീറ്റാഗാമ എന്നിങ്ങനെ നാൽപതോളം തരമു്. ബീറ്റ കൊറോണ വൈറസാണ് മനുഷ്യരിലും വവ്വാലുകളിലുമൊക്കെ കാണുന്നത്.